**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1292

04.12.2014-ന്
മറുപടി നൽകേണ്ടത്

**തൃശ്ശൂർ ജില്ലയിലെ കരിക്കാട് വില്ലേജിലെ കുടികിടപ്പുകാർ**

| **ചോദ്യം**<br>ശ്രീ.ബാബു എം.പാലിശ്ശേരി | **മറുപടി**<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111-ലെ കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിന് കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. കളക്ടർക്ക് നൽകിയ കത്തിൽ ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111 -ലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി താലൂക്ക് തല ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പതിവ് പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് 17.08.2012, മുതൽ തുടർച്ചയായി 06.11.2014 വരെ തലപ്പിള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ 39 പേർക്ക് പട്ടയം നൽകുന്നതിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ 12(1) നോട്ടീസ് നൽകിയിട്ടുള്ളതും, ആക്ഷേപമില്ലാത്തതിനെ തുടർന്ന് ടി അപേക്ഷകൾ 22.11.2014 തീയതിയിൽ നടന്ന താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) എത്ര കുടികിടപ്പുകാർക്കാണ് ഇവിടെ ഭൂമി പതിച്ചു നൽകാനായി തീരുമാനമെടുത്തിട്ടുള്ളത്; | (ബി) നിലവിൽ 39 പേർക്ക് ഭൂമി പതിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

| | |
|---|---|
| (സി) കടവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ കന്നുകാലി മേച്ചിൽപുറം സ്ഥലമായ ഈ ഭൂമി പതിച്ചു നൽകുന്നതിനായി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഗവൺമെന്റ് ഉത്തരവിറങ്ങി 3 വർഷത്തോളമായിട്ടും പതിച്ചു നൽകാത്തതിനുണ്ടായ കാരണം എന്താണെന്നു വ്യക്തമാക്കാമോ; | (സി) ടി സ്ഥലത്തു നിന്ന് റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം മാർക്ക് ചെയ്ത് ലഭിക്കാൻ വൈകിയതിനാലാണ് പതിച്ചു നൽകുന്നതിന് കാലതാമസം വന്നത്. |
| (ഡി) പ്രസ്തുത ഭൂമി എന്നത്തേയ്ക്ക് പതിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) 22.11.2014 തീയതിയിൽ താലൂക്ക് തല ഭൂമി പതിവ് കമ്മിറ്റി, അപേക്ഷകൾ പാസ്സാക്കിയിട്ടുള്ള തിനാൽ അടിയന്തരമായി പതിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ